## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1686** **04.12.2018-ൽ മറുപടിയ്ക്ക്**

### ലൈഫ് ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി) | |
| എ | ലൈഫ് പദ്ധതി പ്രഖ്യാപിച്ച് രണ്ടര വർഷം കഴിഞ്ഞപ്പോൾ പദ്ധതി പ്രകാരം എത്ര വീടുകൾ പൂർത്തീകരിച്ചു; എത്ര ഗുണഭോക്താക്കൾക്ക് ആദ്യ ഘട്ടത്തിൽ വീട് വിതരണം ചെയ്തു എന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ലൈഫ് ഭവന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; | എ | ലൈഫ് പദ്ധതി ഒന്നാം ഘട്ടത്തിൽ 49016 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു രണ്ടാംഘട്ടമായ പുതിയ വീടുകളുടെ നിർമ്മാണ പ്രകാരം 354 വീടുകൾ പൂർത്തീകരിച്ചു ജില്ലാടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. പൂർത്തീകരിക്കാത്ത ഭവനങ്ങൾ 5020 ഉണ്ട്. പുതിയ ഭവനങ്ങളിൽ അർഹരായ 78565 പേരുടെ വീടുകൾ 2019 ജൂൺ മാസം പൂർത്തീകരിക്കാൻ കഴിയും. ഭൂരഹിത ഭവനരഹിതർക്ക് ഭവനസമുച്ചയം നിർമ്മിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ ഭവന സമുച്ചയത്തിന്റെ നിർമ്മാണം 2019 മാർച്ചിന് മുൻപ് തുടങ്ങുന്നതാണ്. |
| ബി | ടി ഭവന പദ്ധതിയിൽ ഒരു ഗുണഭോക്താവിന് വീട് നിർമ്മിക്കാൻ ആകെ നൽകുന്ന തുക എത്രയാണ്; ഇതിൽ ഗ്രാമപഞ്ചായത്ത് /ബ്ലോക്ക് പഞ്ചായത്ത് /ജില്ലാ പഞ്ചായത്ത് /സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ വിഹിതം എത്രയെന്ന് വ്യക്തമാക്കാമോ; | ബി | പുതിയ ഭവനത്തിന് ആകെ നൽകുന്നത് 4 ലക്ഷം രൂപ വരെയാണ്. ഇതിൽ ആദ്യ ഗഡുവായ (40000 രൂപ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നുമാണ് നൽകുന്നത്. ഇതിൽ ബ്ളോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തുകൾ അവയുടെ 20% തുക പഞ്ചായത്തുകൾക്ക് കൈമാറുകയാണ്. ബാക്കി ആവശ്യമായ തുക പഞ്ചായത്തുകൾക്ക് ലോൺ ആയി നൽകുകയാണ്. സംസ്ഥാനവിഹിതമായി ഒരു വീടിന് ഒരുലക്ഷം രൂപ നൽകുന്നതാണ്. കേന്ദ്ര വിഹിതം ഇല്ല. |
| സി | പ്രസ്തുത ഭവന പദ്ധതിയിൽ ഏറനാട് | സി | ഏറനാട് മണ്ഡലത്തിൽ ലൈഫ് |

| | | | |
|---|---|---|---|
| | മണ്ഡലത്തിൽ നാളിതുവരെയായി പുതിയ വീട് നിർമ്മിക്കാൻ എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ച് നൽകി; ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | | പദ്ധതിയിൽ പുതിയ ഭവനം നിർമ്മിക്കുന്നതിനായി അരീക്കോട് -9, കീഴുപറമ്പ്-19, ഊർങ്ങാട്ടിരി -39, കാവനൂർ - 24, കുഴിമൺ-7, എടവണ്ണ-62, ചാലിയാർ-75 എന്ന പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. |
| ഡി | ഭൂരഹിതരായവർക്ക വേണ്ടി പദ്ധതിയിലേക്ക് എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും, ഭൂമി ഏറ്റെടുക്കുന്നതിനും വീട് നിർമ്മിക്കുന്നതിനും വേണ്ടി നിലവിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ; ടി പദ്ധതി നടത്തിപ്പിലെ സങ്കീർണ്ണതകൾ ലഘൂകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | ഡി | ഭൂരഹിതരായവർക്കു ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി 496 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലുമായി 14 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന തിനുളള നടപടികൾ പുരോഗമിച്ച് വരുന്നു. നിലവിൽ 3,36,294 പേർ ഭൂരഹിത ഭവനരഹിതരായി ഉണ്ട് എന്ന് പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നു. 1 ഏക്കറിൽ 100 പേർക്ക് ഭവന സമുച്ചയം നിർമ്മിക്കാൻ കഴിയുന്ന പക്ഷം 3363 ഏക്കർ ഭൂമി ആവശ്യമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുളള ഭൂമിയാണ് ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. തുടർന്ന് സർക്കാരിന്റെയും മറ്റ് വകുപ്പുകളുടെയും ഭൂമി പരിഗണിക്കുന്നതാണ്. ഇവ തികയാത്ത പക്ഷം മാത്രമേ വസ്തുവാങ്ങുന്നതിനെകുറിച്ച് ആലോചിക്കുകയുളളൂ. |

സെക്ഷൻ ഓഫീസർ